**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2646** **06-10-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ച് കുടാളി, പട്ടാന്നൂർ, കീഴല്ലൂർ, കോളാരി വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം നൽകാമോ; | (എ) | കിൻഫ്ര വ്യവസായ പാർക്കിനു വേണ്ടി അഞ്ചരക്കണ്ടി, പട്ടുവിലായി, കീഴല്ലൂർ വില്ലേജുകളിൽ നിന്നായി ഏറ്റെടുക്കുന്ന 201.4048 ഹെക്ടർ (497.47 ഏക്കർ) ഭൂമിയിൽ നിലവിൽ നഷ്ടപരിഹാരത്തുക നൽകിയതിനു ശേഷം, ബാക്കി കീഴല്ലൂർ വില്ലേജിൽ വരുന്ന 103.1609 ഹെക്ടർ (254.80 ഏക്കർ) ഭൂമിയുടെ അവാർഡ് കണ്ണൂർ ജില്ലാ കലക്ടർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. കിൻഫ്ര നം.1) സ്വീകരിച്ചു വരുന്നു. കുടാളി, പട്ടാന്നൂർ, കീഴല്ലൂർ വില്ലേജുകളിലെ 127.0487 ഹെക്ടർ (313.81 ഏക്കർ) ഭൂമിയുടെ 19(1) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും, കുടാളി, പട്ടാന്നൂർ വില്ലേജുകളിലെ 416.7531 ഹെക്ടർ (1029.38 ഏക്കർ) ഭൂമി, കോളാരി വില്ലേജിലെ 354.9515 ഹെക്ടർ (876.73 ഏക്കർ) ഭൂമി, കോളാരി വില്ലേജിലെ 68.2787 ഹെക്ടർ (168.65 ഏക്കർ) ഭൂമി എന്നിവ ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. കിൻഫ്ര നം.1) സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുവാനായി നിലവിൽ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ 2 എൽ.എ. ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ